(ഡി) കർമ്മസമിതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കർമ്മ സമിതിയുടെ പ്രവർത്തനം കൊണ്ട് പദ്ധതികൾക്ക് കാലവിളംബം കൂടാതെ ഭരണാനുമതി നൽകുന്നതിനും അതിലൂടെ പദ്ധതി നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

രജിസ്റ്റർ ചെയ്ത ചിട്ടിക്കമ്പനികൾ

119 (1705) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചിട്ടി കമ്പനികൾ നടത്തുന്ന ധനകാര്യ സ്ഥാപന ങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര ചിട്ടി കമ്പനികൾ പ്രവർത്തിക്കുന്നു എന്ന് വിശദമാക്കുമോ ;

(സി) ചിട്ടിത്തുക കൈപ്പറ്റുന്നതിന് ഇടപാടുകാർക്കുണ്ടാകുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അന്വേഷണം നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ചിട്ടി കമ്പനികൾ നടത്തുന്ന ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളാ ചിട്ടി ആക്ട് 1975 പ്രകാരം രജിസ്റ്റർ ചെയ്യുന്ന ചിട്ടികളുടെ നടത്തിപ്പിന് പരിശോധന നടത്തുവാൻ എല്ലാ ജില്ലകളിലും ചിട്ടി ആഡിറ്റർമാരെയും ചിട്ടി ഇൻസ്പെക്ടർമാരെയും സംസ്ഥാന തലത്തിൽ ഒരു ചിട്ടി പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടറേയും നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.യുടെ നേതൃത്വത്തിൽ 313 ചിട്ടി കമ്പനികളും സഹകരണ സ്ഥാപനങ്ങൾ മുഖേന 33 ചിട്ടി കമ്പനികളും 153 സ്വകാര്യകമ്പനികൾ ഉൾപ്പെടെ ആകെ 499 ചിട്ടി കമ്പനികൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. അന്വേഷണങ്ങൾ നടത്തി ഉചിതമായ നടപടികൾ എടുത്തിട്ടുണ്ട്.

ലോട്ടറി തൊഴിലാളികളെ സഹായിക്കാൻ നടപടി

120 (1706) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇപ്പോൾ നേരിടുന്ന തൊഴിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ലോട്ടറി തൊഴിലാളികളെ സഹായിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly